# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2247      11.06.2018 — ൽ മറുപടിക്ക്

## കോതമംഗലം താലൂക്കിലെ ബി.പി.എൽ.കാർഡുകൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആന്റണി ജോൺ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി)** |
| (എ) ബി.പി.എൽ വിഭാഗത്തിൽ അർഹതയുള്ളവരെ ഒഴിവാക്കിയതിനെതിരെ സ്വീകരിച്ച അപേക്ഷകളിന്മേലുള്ള നടപടികൾ പൂർത്തിയാക്കി പുതിയ ബി.പി.എൽ കാർഡുകൾ അനുവദിക്കുന്ന കാര്യം സജീവ പരിഗണനയിലാണോ;<br><br>(ബി) ആക്ഷേപങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ച് അർഹതയുള്ളവർക്ക് എന്നുമുതൽ പുതിയ കാർഡുകൾ നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) യും (ബി) യും അന്തിമ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കി അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻകാർഡിലെ അപാകതകൾ പരിഹരിയ്ക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ് |
| (സി) കോതമംഗലം താലൂക്കിൽ നിന്നും ഇത്തരം അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച എത്ര അപേക്ഷകളാണ് ലഭിച്ചത്; അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (സി) കോതമംഗലം താലൂക്കിൽ നിന്നും ഇത്തരം അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച 3192 അപേക്ഷകളാണ് ലഭിച്ചത്. അപേക്ഷകളിൽ അദാലത്തുകൾ നടത്തി 2467 പേരെ മുൻഗണനാ വിഭാഗത്തിലും 41 പേരെ എ.എ.വൈ വിഭാഗത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. |

*സെക്ഷൻ ഓഫീസർ*